# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

78

www.industry.kerala.gov.in

15 FEBRUARY 2025


## ലോകം ഉറ്റു നോക്കുന്ന കേരളം

## കേരള വ്യവസായ മേഖലയുടെ ചരിത്രം തിരുത്തികുറിക്കാൻ

# ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025

INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

ലോകം ഉറ്റുനോക്കുന്ന ആഗോള നിക്ഷേപക സംഗമമായ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ഫെബ്രുവരി 21, 22 തീയതികളിൽ സംഘടിപ്പിക്കും. കേരളം പ്രതീക്ഷയോടെ കാത്തിരിക്കുന്ന നിക്ഷേപക സംഗമം സംസ്ഥാനത്തിന്റെ വ്യവസായിക രംഗത്ത് വിവിധ തരത്തിൽ നിക്ഷേപങ്ങൾ ആകർഷിക്കും. കൊച്ചിയിൽ ലുലു ബോൾഗാട്ടി ഇന്റർനാഷനൽ കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്ന ആഗോള നിക്ഷേപക സംഗമത്തിനായി മികച്ച മുന്നൊരുക്കങ്ങളാണ് സംസ്ഥാനം ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്.




ഇതിനോടകം 39 പ്രിപ്പറേറ്ററി പരിപാടികൾ സംഘടിപ്പിച്ചുകഴിഞ്ഞു. ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, മുംബൈ, ന്യൂ ഡൽഹി എന്നീ പ്രധാന നഗരങ്ങളിൽ സംരംഭകരുമായി ഇന്റസ്ട്രിയൽ റോഡ് ഷോകൾ സംഘടിപ്പിച്ചു. ഇതിന് ശേഷം ഗൾഫ് മേഖലയിലും റോഡ്ഷോ സംഘടിപ്പിച്ചു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജെൻ എഐ കോൺക്ലേവ്, കേരളത്തിലെ ആദ്യ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവ്, മാരിടൈം ആന്റ് ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ, ഫുഡ് ടെക് കോൺക്ലേവ്, ഇന്റർനാഷണൽ ബയോടെക്നോളജി ആന്റ് ലൈഫ് സയൻസ് കോൺക്ലേവ്, വേസ്റ്റ് മാനേജ്മെന്റ് ആന്റ് റീസൈക്ലിങ്ങ് കോൺക്ലേവ്, ടൂറിസം കോൺക്ലേവ്, ഓട്ടോമോട്ടീവ് സമ്മിറ്റ്, വിഴിഞ്ഞം കോൺക്ലേവ്, അംബാസിഡേഴ്സ് മീറ്റ് തുടങ്ങി ബഹുഭൂരിപക്ഷം പരിപാടികളും പൂർത്തിയാക്കി കഴിഞ്ഞു. ദാവോസിലെ വേൾഡ് എക്കണോമിക് ഫോറത്തിലുൾപ്പെടെ കേരളത്തിന് ലഭിച്ച പ്രശംസയും ലോകമാകെ കേരളത്തിന്റെ പേരുയർന്നു കേൾക്കുന്നുവെന്നതും വലിയ പ്രതീക്ഷയാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലേക്ക് നീങ്ങുന്ന ഘട്ടത്തിൽ സൃഷ്ടിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ 22 സെഷനുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 25 ഓളം രാജ്യങ്ങളിൽ നിന്നുമുള്ള സ്ഥാനപതികൾ, കോൺസൽ ജനറൽസ്, ഔദ്യോഗിക പ്രതിനിധികൾ, വിദേശ കാര്യവക്താക്കൾ തുടങ്ങിയവർ സമ്മിറ്റിൽ പങ്കെടുക്കും. വിവിധ മേഖലകളിലെ നൂറോളം പ്രഭാഷകരും പങ്കെടുക്കും. കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമത്തിലൂടെ മികച്ച നിക്ഷേപ സാധ്യതകൾ അടയാളപ്പെടുത്തുന്നതിനാകും മുൻതൂക്കം നൽകുക.

സസ്റ്റെയ്നബൽ ടെക്നോളജിസ്, ഇന്നോവേഷൻ ആൻഡ് ഇൻഡസ്ട്രി 4.0, സ്ട്രാറ്റജിക് ഇൻഡസ്ട്രീസ്, ഇന്നോവേഷൻ ഇൻ ഹെൽത്ത്, ഫിൻടെക്, ടൂറിസം, ഫുഡ് പ്രോസസ്സിംഗ് തുടങ്ങിയ വിവിധ ഫോക്കസ് സെക്ടറുകളിലൂന്നി സംഘടിപ്പിക്കുന്ന 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്' കേരളത്തിന്റെ വ്യാവസായിക മുഖച്ഛായ തന്നെ മാറ്റും.

# കേരള സംസ്ഥാന കരകൗശല പുരസ്കാരങ്ങൾ വിതരണം ചെയ്തു

## ലക്ഷ്യം പരമ്പരാഗത മേഖലയെ ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തൽ

കേരള സംസ്ഥാന കരകൗശല പുരസ്കാരങ്ങൾ വിതരണം ചെയ്തു. കരകൗശല വിദഗ്ധരുടെ മികച്ച സംഭാവനകൾ, കരകൗശല വൈദഗ്ധ്യം, കരകൗശല വികസനം എന്നിവ കണക്കിലെടുത്ത് 2023 വർഷക്കാലത്തെ കരകൗശല അവാർഡിന് അർഹരായ സംസ്ഥാന കരകൗശല വിദഗ്ധർക്കാണ് അവാർഡുകൾ നൽകി ആദരിച്ചത്. ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനവും പുരസ്കാര വിതരണവും നിർവഹിച്ചു. 2025 ഫെബ്രുവരി 6 ന് വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരം ഹോട്ടൽ റസിഡൻസി ടവറിൽ സംഘടിപ്പിച്ച ചടങ്ങിൽ ബഹു. തിരുവനന്തപുരം നിയമസഭാംഗം ശ്രീ. ആന്റണി രാജു എം. എൽ. എ. അദ്ധ്യക്ഷതവഹിച്ചു.

സംസ്ഥാനത്ത് കരകൗശല വ്യവസായം വികസിപ്പിക്കുന്നതിനും കരകൗശല വിദഗ്ധർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി കേരളത്തിലെ കരകൗശല മേഖലയിലെ വിദഗ്ധരിൽ മികവുള്ളവരെ കണ്ടെത്തി കേരള സംസ്ഥാന സർക്കാർ 2015 മുതൽ കരകൗശല അവാർഡ് നൽകി വരുന്നു. ദാരുശിൽപങ്ങൾ, പ്രകൃതിദത്ത നാരുകളിൽ തീർത്ത ശിൽപങ്ങൾ, ചൂരൽ, മുള എന്നിവയിൽ തീർത്ത ശിൽപങ്ങൾ, ചരട്, നാട, കസവ് ഇവ ഉപയോഗിച്ചുള്ള ചിത്രത്തുന്നൽ, ലോഹ ശിൽപങ്ങൾ, ചിരട്ട ഉപയോഗിച്ച് നിർമ്മിച്ച ശിൽപങ്ങൾ, വിവിധ വസ്തുക്കളിൽ നിർമ്മിച്ചവ (മുകളിൽ ഉൾപ്പെടാത്തവ) എന്നീ ഏഴ് വിഭാഗങ്ങളിലായാണ് പുരസ്കാരം നൽകി വരുന്നത്.

എല്ലാവരെയും ഉൾക്കൊണ്ടുള്ള വ്യവസായവൽക്കരണമാണ് സംസ്ഥാനത്ത് നടക്കുന്നതെന്ന് ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തോടനുബന്ധമായി വ്യക്തമാക്കി. എംഎസ്എംഇകൾക്ക് സവിശേഷമായ പ്രാധാന്യം കൊടുത്തു കൊണ്ട് പരമ്പരാഗത മേഖലയെ ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്താനാണ് നമ്മൾ ശ്രമിക്കുന്നത്. എംഎസ്എംഇകളുടെ ഉൽപ്പന്നങ്ങളുടെയും പരമ്പരാഗത ഉൽപ്പന്നങ്ങളുടെയുമെല്ലാം വിപണനം ഇപ്പോൾ കെ സ്റ്റോർ വഴി സാധ്യമാണ്. ഒപ്പം പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനികവൽക്കരിച്ച് മത്സരാധിഷ്ഠിതമാക്കി ലാഭകരമാക്കാനുള്ള പ്രവർത്തനവും സർക്കാർ നടത്തിവരികയാണെന്ന് അദ്ദേഹം പറഞ്ഞു.



ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്, ബഹു. തിരുവനന്തപുരം നിയമസഭാംഗം ശ്രീ. ആന്റണി രാജു എം. എൽ. എ. എന്നിവർ കരകൗശല പുരസ്കാര ജേതാക്കളോടൊപ്പം

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. , കയർ വികസനവകുപ്പ് ഡയറക്ടർ ശ്രീമതി ആനി ജൂല തോമസ് ഐ.എ.എസ്., കൈത്തറി വസ്ത്ര ഡയറക്ടറേറ്റ് ഡയറക്ടർ ശ്രീ. കെ. എസ്. അനിൽ കുമാർ ഐ.എ.എസ്., വ്യവസായ വാണിജ്യവകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ഡോ. കെ. എസ്. കൃപകുമാർ, ശ്രീ. ജി. രാജീവ് തുടങ്ങിയവർ പുരസ്കാര വിതരണ ചടങ്ങിൽ സംസാരിച്ചു.

## കേരളത്തെ ആഗോള ഹബ്ബാക്കാൻ അടിത്തറയൊരുക്കി
## കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ്



CII Kerala
Automotive Technology Summit 2025

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇന്റസ്ട്രിയും സംയുക്തമായി സംഘടിപ്പിച്ച കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് ബഹു. റവന്യൂ മന്ത്രി ശ്രീ. കെ. രാജൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെയും രാജ്യത്തിന്റെയും ഓട്ടോമോട്ടീവ് വ്യവസായങ്ങളുടെ ഹബ്ബാക്കി തിരുവനന്തപുരത്തെ മാറ്റുക എന്ന ഉദ്ദേശത്തോടെ കേരളത്തിന്റെ ഓട്ടോമോട്ടീവ് കുതിപ്പിന് ഊർജ്ജമേകുന്ന ഏകദിന സമ്മേളനത്തിന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് ചടങ്ങിന് അധ്യക്ഷത വഹിച്ചു. 2025 ഫെബ്രുവരി 6ന് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ സംഘടിപ്പിച്ച ചടങ്ങിൽ പ്രമുഖ ഓട്ടോമോട്ടീവ്, ടെക്നോളജി സ്ഥാപനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെ 300-ലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടിക്കു മുന്നോടിയായാണ് ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് സംഘടിപ്പിച്ചത്. ഓട്ടോമോട്ടീവ് മേഖലയിലെ പ്രമുഖർ, സാങ്കേതിക വിദഗ്ധർ, നയരൂപകർത്താക്കൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവന്ന സമ്മേളനത്തിൽ ഓട്ടോമോട്ടീവ് സോഫ്റ്റ് വെയർ നവീകരണങ്ങളെയും മൊബിലിറ്റിയുടെ ഭാവിയിൽ കേരളത്തിന്റെ പങ്കിനെയും കുറിച്ചും ചർച്ചകൾ നടന്നു.

## ഒരു സംരംഭകൻ പിറന്ന കഥ



എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ PMFME പദ്ധതി പ്രകാരം വിപുലീകരണം നടത്തിയ URBAN TASTY എന്ന ഭക്ഷ്യ സംസ്കരണ സംരംഭത്തിന്റെ ഉദ്ഘാടനം 30/11/2024 ശനിയാഴ്ച ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് നിർവഹിച്ചു. എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. നജീബ് പി. എ. ആദ്യ വിൽപ്പന നടത്തി. കളമശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ കുമാരി. സീമ കണ്ണൻ ചടങ്ങിന് മുഖ്യ അതിഥി ആയി. PMFME പദ്ധതിയിലൂടെ വനിതാ സംരംഭകയായ ശ്രീമതി. സീനത്ത് നസീർ കേരള ബാങ്ക് കളമശ്ശേരി ശാഖയിൽ നിന്ന് ലോൺ എടുത്താണ് കമ്പനിയിലേക്ക് വേണ്ട മെഷിനറി വാങ്ങിയിരിക്കുന്നത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.